# ഉപഭോക്തൃ സങ്കട പരിഹാര ഫോറം

വൈദ്യുതി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

നമ്പർ : CGRF – 4832/24 തിയ്യതി : 31.08.2024

ഹാജർ

ടി.എസ്. ജോസ് - ചെയർപേഴ്സൺ
കെ.വിനുകൃഷ്ണൻ - മെമ്പർ
അഡ്വ.അസീയ.പി.കെ - മെമ്പർ

1.ശ്രീ.അരുൺ.സി.
അരുൺ ജ്യോതി,
ചക്കുംപുറം ലൈൻ,
നായ്ക്കനാൽ, തൃശ്ശൂർ-1

പരാതിക്കാർ

ലൈസൻസിയ്ക്കു വേണ്ടി
അസിസ്റ്റന്റ് സെക്രട്ടറി,
വൈദ്യുതി വിഭാഗം
തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

എതിർകക്ഷി

**പരാതിയുടെ സംക്ഷിപ്ത രൂപം :**

തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിന്റെ വൈദ്യുതി വിതരണപരിധിയിൽ പൂങ്കുന്നത്ത് ചക്കുമുക്കിൽ സർവ്വേ നംപർ 1843/1 15ൽ 3ആർ.10 സ്ക്വയർമീറ്റർ സ്ഥലം ഉണ്ട്. അവിടെ വീട് നിർമ്മിക്കുവാനുള്ള യാതൊരു ഉദ്ദേശവും ഇല്ല. അവിടെ ധാരാളം വാഴകളും പച്ചക്കറികളും, മാവിൻതൈകളും കൃഷി ചെയ്തിരുന്നു. ഒരു കിണറും ഉണ്ട്. വയറിംഗ് കഴിഞ്ഞ് ഒരു മോട്ടോറും സ്ഥാപിച്ചിട്ടുണ്ട്. ഇൻസ്പെക്ഷനും കഴിഞ്ഞിരുന്നു. ഈ സ്ഥലത്തേയ്ക്ക് ഒരു കാർഷിക വൈദ്യുതി കണക്ഷൻ (വിത്ത്ഔട്ട് സബ്സിഡി) അനുവദിച്ച് ലഭിക്കുവാൻ അസിസ്റ്റന്റ് സെക്രട്ടറി, തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിന് 28.02.2024-ൽ ഒരു അപേക്ഷ നൽകിയിരുന്നു. ആയത് ഇഡ്ബ്ളിയു3-1422/24 തീയതി 24.04.2024 നംപർ കത്ത് പ്രകാരം സർക്കാർ ഉത്തരവ് പ്രകാരം കാർഷിക താരിഫിൽ വൈദ്യുതി കണക്ഷൻ അനുവദിക്കാൻ നിർവാഹമില്ലാത്തതാണെന്ന് പറഞ്ഞ് നിരസിക്കുകയുണ്ടായി. പരാതിക്കാരൻ വീണ്ടും 23.05.2024 ൽ രജിസ്ട്രേഡ് തപാൽ മുഖേന സെക്രട്ടറിയ്ക്ക് ഒരു അപേക്ഷ കൂടി അയച്ചു. ആയതിന് മറുപടി ലഭിച്ചിട്ടില്ല. നിലവിൽ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം പരാതിക്കാരന്റെ സ്ഥലത്തേയ്ക്ക് ഒരു കാർഷിക കണക്ഷൻ എൽ.ടി.5എ അനുവദിച്ചു നൽകണമെന്ന് പരാതിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ളത്.

**ഫോറത്തിന്റെ നടപടികൾ :**

05.07.2024 ൽ ഫോറം പരാതി ഫയലിൽ സ്വീകരിച്ചു. വിശദമായ സത്യവാങ്മൂലം സഹിതം 29.07.2024-ൽ ഫോറം മുൻപാകെ ഹാജരാകുന്നതിന് പരാതിക്കാരനെയും, ലൈസൻസിയെയും അറിയിച്ചു. 29.07.2024-ന് ഫോറം യോഗം ചേർന്നു. ലൈസൻസിയ്ക്ക് വേണ്ടി അസിസ്റ്റന്റ് എഞ്ചിനീയർ സെക്ഷൻ-3 ഹാജരായി. താഴെ പറയുന്ന വസ്തുതകൾ ഫോറം മുൻപാകെ ബോധിപ്പിച്ചു.

**ലൈസൻസിയ്ക്ക്വേണ്ടി അസിസ്റ്റന്റ് എഞ്ചിനീയർ സെക്ഷൻ-3 സമർപ്പിച്ച വസ്തുവിവരണ പത്രിക.**

നഗരസഭ വൈദ്യുതി വിതരണപരിധിയിൽ വരുന്ന സർവേ നംപർ 1843/1-15 എന്ന സ്ഥലത്ത് കാർഷിക ആവശ്യത്തിന് വൈദ്യുതി കണക്ഷൻ അനുവദിക്കണമെന്ന് അറിയിച്ചുകൊണ്ടുള്ള അപേക്ഷ 28.02.2024-ന് ശ്രീ.അരുൺ.സി. സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലം വാർഡ്

സബ് എഞ്ചിനീയർ സന്ദർശിച്ച് ആവശ്യമായ രേഖകൾ പരിശോധിച്ച് തുക ഈടാക്കി വൈദ്യുതി കണക്ഷൻ അനുവദിക്കാമെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. അപേക്ഷകൻ കൃഷി ആവശ്യത്തിനായുള്ള താരിഫ് ആയ എൽ.ടി.5എ താരിഫിൽ തന്നെ കണക്ഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതാണ്. നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം കൃഷി ആവശ്യത്തിനായുള്ള താരിഫിൽ വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനായി 30സെന്റ് സ്ഥലം എങ്കിലും ആവശ്യമുള്ളതും അതിൽ 75% കൃഷി ആവശ്യത്തിനായി ഉപയോഗിക്കുന്നതുമാകണം. എന്നാൽ അപേക്ഷകൻ സൂചിപ്പിക്കുന്ന സ്ഥലം 8 സെന്റ് മാത്രമാണുള്ളത്. ഇത്തരം സാഹചര്യങ്ങളമി കൃഷി ആവശ്യത്തിനായുള്ള താരിഫിന് പകരം താരിഫ് ഉത്തരവിലെ ഉയർന്ന യൂണിറ്റ് നിരക്ക് വരുന്ന താരിഫിൽ എൽ.ടി.7എ ആണ് വൈദ്യുതി കണക്ഷൻ നൽകുന്നത്. അപേക്ഷകൻ അപേക്ഷയോടൊപ്പം കെ.എസ്.ഇ.ബി.ലി.ന്റെ 13.03.2020 തീയതിയിലെ BO(FTD)No.178/2020 നംപർ ഉത്തരവ് സമർപ്പിച്ചിട്ടുണ്ട്. ആയതുപ്രകാരം താരിഫ് നിശ്ചയിക്കണമെന്നാണ് അപേക്ഷകൻ ആവശ്യപ്പെട്ടിരിക്കുന്നത്. കെ.എസ്.ഇ.ബി.ലി.ന്റെ മേൽ ഉത്തരവിൽ ബഹു.കെ.എസ്.ഇ.ആർ.സി. 2018-19 മുതൽ 2021-22 വർഷങ്ങളിലെ എ.ആർ.ആർ, ഇ.ആർ.സി. താരിഫ് പ്രപ്പോസൽ ഉത്തരവിൽ കൃഷി ആവശ്യത്തിന് സ്ഥലത്തിലെ ലഭ്യത അടിസ്ഥാനമാക്കേണ്ടതില്ല എന്ന് നിരീക്ഷിച്ചതായി സൂചിപ്പിക്കുന്നുണ്ട്. കെ.എസ്.ഇ.ആർ.സി. ഇത് സംബന്ധിച്ച് ഉത്തരവുകൾ ഒന്നും പുറപ്പെടുവിച്ചിട്ടില്ലാത്തതാണ്. വൈദ്യുതി വിഭാഗത്തിൽ സർക്കാർ ഉത്തരവ്/കെ.എസ്.ഇ.ആർ.സി. ഉത്തരവ് എന്നിവയാണ് ബാധകമാകുന്നത്. നിലവിൽ ഇത് സംബന്ധിച്ച് ഉത്തരവുകളൊന്നും ഇല്ലാത്ത സാഹചര്യത്തിൽ അപേക്ഷകനെ കൃഷി ആവശ്യത്തിനായുള്ള താരിഫിൽ കണക്ഷൻ നൽകാൻ നിർവാഹമില്ല എന്ന് അറിയിച്ചിട്ടുള്ളതാണ്. തുടർന്ന് 27.05.2024-ന് അപേക്ഷകൻ ഇഡബ്ളിയു3-3848/24 ഫയൽ പ്രകാരം നിലവിലുള്ള കെ.എസ്.ഇ.ആർ.സി. നിയമപ്രകാരം ടി സ്ഥലത്ത് എൽ.ടി.5എ താരിഫിൽ വൈദ്യുതികണക്ഷൻ അനുവദിക്കണമെന്ന് അറിയിച്ചിട്ടുണ്ട്. ആയതിന്റെ ഫയൽ നടപടി സ്വീകരിച്ചു വരുന്നതുമായ വിഷയം നഗരസഭ വൈദ്യുതി വിഭാഗം അസിസ്റ്റന്റ് സെക്രട്ടറിയുടെ പരിഗണനയിലുമാണ്.

**ശ്രീ.അരുൺ.സി. (പരാതിക്കാരൻ) ഹിയറിംഗിൽ ഹാജരായില്ല.**

പകരം പരാതിക്കാരൻ രേഖാമൂലം താഴെ പറയുന്ന വിവരങ്ങൾ ഫോറം മുൻപാകെ ബോധിപ്പിച്ചു.

ബഹു.ഫോറം മുൻപാകെ 29.07.2024 ന് ഹാജരാകുവാൻ പ്രയാസമുള്ളതിനാൽ, നിർദേശിച്ചതനുസരിച്ച് ആവശ്യമായ രേഖകൾ ഇതോടൊപ്പം ഹാജരാക്കുന്നു. ഇതു സംബന്ധിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ 08.07.2019-ലെ ഉത്തരവിലെ പ്രസക്ത ഭാഗങ്ങൾ ഇതോടൊപ്പം സമർപ്പിക്കുന്നു. കൃഷി ആവശ്യത്തിനുള്ള വൈദ്യുതിക കണക്ഷന് റെഗുലേറ്ററി കമ്മീഷന്റെ നിർദേശപ്രകാരമാണ് 08.07.20196-ലെ ഉത്തരവിൽ അനുശാസിക്കുന്നത്. അതനുസരിച്ച് ഞാൻ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിൽ ഫെബ്രുവരി 2024-ൽ ഒരു അപേക്ഷ സമർപ്പിച്ചിരുന്നു. ആ അപേക്ഷ കോർപ്പറേഷൻ അസിസ്റ്റന്റ് സെക്രട്ടറി ഇഡബ്ളിയു3/1422/24 തീയതി 24.04.2024 പ്രകാരം നിരസിച്ചിട്ടുള്ളതുമാകുന്നു. ഇത് കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ നിർദേശങ്ങൾക്ക് വിരുദ്ധമാണെന്നും പരാതിക്കാരൻ അറിയിക്കുന്നു. ഹാജരാക്കിയ രേഖകൾ.

1. ബഹു.കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ Orders in the Petition filed by Kseb Ltd for the approval of ARR, ERC and Tariff Proposals for the Control Period 2018-19 to 2021-22 08.07.2019 ലെ ഒ.എ. നം. 15/2018 നംപർ ഉത്തരവ്.
2. നഗരസഭ വൈദ്യുതി വിഭാഗം അസിസ്റ്റന്റ് സെക്രട്ടറിയുടെ 24.04.2024 ലെ Ew3-1422/24 & നംപർ കത്ത്.
3. ഭൂനികുതി 2024-25 വർഷത്തിൽ അടവാക്കിയ രസീത് പകർപ്പ്.

**ഫോറത്തിൻെറ നിഗമനം :**

ഫോറം വിഷയം വിശദമായി ചർച്ച ചെയ്തു. പരാതിക്കാരനും, ലൈസൻസിയും നൽകിയ വിശദാംശങ്ങൾ ഫോറം വിശദമായി പരിശോധിച്ചു. പരാതിക്കാരന് പൂകുന്നത്ത് സർവേ നംപർ 1843/1-15 ൽ 3 ആർ.10 സ്ക്വയർ മീറ്റർ (7.6 സെന്റ്) സ്ഥലമാണ്. ഇവിടെ വീട് വെക്കുവാൻ ഉദേശമില്ല. വാഴ, പച്ചക്കറികൾ, മാവിൻതൈകൾ കൃഷി ചെയ്തിരുന്നു. കിണർ ഉണ്ട്. ഇവിടെയ്ക്ക് അഗ്രികൾച്ചർ കണക്ഷൻ ആവശ്യപ്പെട്ട് 28.02.2024-ൽ അപേക്ഷ നൽകിയെങ്കിലും കാർഷിക താരിഫിൽ വൈദ്യുതി കണക്ഷൻ നൽകാൻ സാധിക്കില്ല എന്ന് അറിയിച്ചു. അഗ്രികൾച്ചർ കണക്ഷനാണ് വേണ്ടത് ഇത് കെ.എസ്.ഇ.ആർ.സി. ഉത്തരവിന് വിരുദ്ധമാണ്. പരാതിക്കാരൻ നൽകിയ രേഖകൾ പരിശോധിച്ചതിൽ ഒ.എ.നം. 15/2018 എന്ന 2018-19, 2021-22 കെ.എസ്.ഇ.ആർസി.താരിഫ് ഉത്തരവ് പകർപ്പ് ഹാജരാക്കിയിട്ടുള്ളത്. കൃഷി ആവശ്യത്തിന് വൈദ്യുതി ഉപയോഗിക്കുന്നപക്ഷം, ഭൂമിയുടെ വിസ്തീർണ്ണം പരിഗണിക്കാതെ കാർഷികാവശ്യത്തിന് കണക്ഷൻ നൽകാം എന്ന് ബഹു.കമ്മീഷൻ അഭിപ്രായപ്പെട്ടിട്ടുള്ളത്. കെ.എസ്.ഇ.ബി.യുടെ BO(FTD)No.178/2020 No.D(D&IT)D6-AE3/Ease fo doing Business/2019-2020/]Dated Tvpm 13.03.2020 നംപർ ഉത്തരവ് പ്രകാരം

1.To release agriculture connections under LTV(A) tariff category to applicants on production of two documents along with the application, one regarding proof of ownership and the other regarding proof of identity, after ensuring that the pruspoe for which the connections is sought is included in the list of activities under the category LT V (A)in the prevailing tarif order, irrespective of whether the applicant has produced letter of acuthorisation or ceritificate from the concerned authority in Agriculture department or the land holding of the applicant is not in conformance with the relevant stipulations of the State government.

2.To grant subsidy of Rs.0.85/unit being provided by the State Government for agriculture consumers under LT V(A) category only to those consumers who produce letter or authorization or ceritificate from the concerned authority in Agriculture department and have land holdings conforming to the stipulations of the State Government.

ലൈസൻസിക്ക് വേണ്ടി ഹാജരായ അസിസ്റ്റന്റ് എഞ്ചിനീയർ സെക്ഷൻ-3 എന്നിവർ എതിർവാദ പത്രിക പരിശോധിച്ചതിൽ നിലവിലെ 06.11.2006-ലെ സർക്കാർ ഉത്തരവ് പ്രകാരം കൃഷി ആവശ്യത്തിന്മേലുള്ള താരിഫിൽ വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനുള്ള 30 സെന്റ് സ്ഥലം ആവശ്യമായുള്ളതും ആയതിൽ 75% കൃഷി ആവശ്യത്തിനുള്ളതും അല്ലെങ്കിൽ 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി വേണ്ടതും അല്ലെങ്കിൽ 5 സെന്റിൽ കുറയാതെ വെറ്റില കൃഷി വേണം, ഇവിടെ അപേക്ഷകൻെറ ഭൂമി 8 സെന്റിൽ താഴെ മാത്രമാണ്. 08.07.2019 ലെ ഉത്തരവിൽ കെ.എസ്.ഇ.ആർ.സി.യുടെ പരാമർശം മാത്രമാണ് വിഷയത്തിൽ ഉള്ളത്. ഉത്തരവുകൾ ഒന്നും തന്നെ നിലവിലില്ല. ഇതര താരിഫിൽ (എൽ.ടി.7എ) യിൽ കണക്ഷൻ നൽകുവാൻ സമ്മതമാണ്.

പരാതികാരനും ലൈസൻസിയും സമർപ്പിച്ച രേഖകൾ പരിശോധിച്ചു. കെ.എസ്.ഇ.ബി.യിൽ ഭൂമി വിസ്തീർണം മാനദണ്ഡമാക്കാതെ വൈദ്യുതി കണക്ഷൻ നൽകിവരുന്നു എന്ന ബോർഡ് ഉത്തരവ് 178/20 ൽ നിന്നും വ്യക്തമാകുന്നത്.

കെ.എസ്.ഇ.ആർ.സി. ഒ.എ. നം.15/2018 ഉത്തരവിലെ ഒരു പരാമർശം മാത്രമാണ്. ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ താരിഫ് നിശ്ചയിക്കൽ ലൈസൻസിയ്ക്ക് തീരുമാനിക്കാം എന്നുള്ളത് ഉത്തരവല്ല.

കൃഷി ആവശ്യത്തിനു വൈദ്യുതി കണക്ഷൻ നൽകുന്നതിൽ 06.11.2006-ലെ സർക്കാർ ഉത്തരവ് പ്രകാരം 30 സെന്റിൽ 75% കൃഷി ആവശ്യത്തിന് ഉപയോഗിക്കുകയോ, 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി നടത്തുന്നവർക്ക് കൃഷി ആവശ്യത്തിനുള്ള താരിഫിൽ കണക്ഷൻ നൽകാം എന്നാണ്. ഇവിടെ 10 സെന്റിൽ താഴെ മാത്രമാണ് പരാതിക്കാരന് ഭൂമിയുള്ളത്.

ഒരു ഉപഭോക്താവിന് കൃഷി ആവശ്യത്തിനായി കുറഞ്ഞ താരിഫ് അനുവദിക്കുമ്പോൾ ആയതിന്റെ ക്രോസ് സബ്സിഡിയുടെ ബാധ്യത മറ്റ് ഉപഭോക്താക്കൾ വഹിക്കുവാൻ ബാധ്യസ്ഥരായി തീരുന്നതാണ്. സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ഭൂവിസ്തൃതിയിൽ കുറവുള്ള സ്ഥലത്ത് കുറഞ്ഞ നിരക്കിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിന് വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവുകൾ ഒന്നും തന്നെ നിലവിൽ ഇല്ലാത്തതാണ് എന്ന് നിരീക്ഷിച്ചു. ആയതിനാൽ സർക്കാർ നിശ്ചയിച്ച ഭൂമിയിൽ കുറവ് വന്നാൽ കാർഷിക ഉപയോഗത്തിനുള്ള താരിഫ് ദുരുപയോഗം ചെയ്യാൻ സാധ്യമുള്ളതും ബാധ്യത മറ്റ് ഉപഭോക്താക്കൾ വഹിക്കേണ്ട സ്ഥിതി ഉണ്ട് എന്നും നിരീക്ഷിച്ചു. കൃഷി പ്രോത്സാഹിപ്പിക്കുക അത്യാവശ്യമാണ് എന്നിരുന്നാലും അർഹതിയില്ലാത്തവർക്ക് കുറഞ്ഞ താരിഫ് അനുവദിച്ചാൽ ഇതര ഉപഭോക്താക്കൾക്ക് ഭാരമാകും എന്നും ഫോറത്തിന് മനസിലാക്കുവാൻ സാധിച്ചു. കൃഷിയാവശ്യമാകാതെ വൈദ്യുതി കണക്ഷൻ എൽ.ടി.7എ എന്ന താരിഫിൽ നൽകുവാൻ ലൈസൻസി തയ്യാറാണ് എന്നതും ഫോറം നിരീക്ഷിച്ചു.

**തീരുമാനം**

പരാതിക്കാരന് കാർഷിക താരിഫിൽ വൈദ്യുതി കണക്ഷൻ ലഭിക്കുവാൻ അർഹതയില്ല. അപേക്ഷകൻ ആവശ്യപ്പെട്ടാൽ ടിയാന്റെ ഭൂമിയിൽ എൽ.ടി.7എ താരിഫിൽ കണക്ഷൻ ലൈസൻസി നൽകേണ്ടതാണ്.

| | | |
|---|---|---|
| അഡ്വ. അസിയ.പി.കെ | വിനുകൃഷ്ണൻ.കെ | ടി.എസ്. ജോസ് |
| മെമ്പർ | മെമ്പർ | ചെയർപേഴ്സൺ |